# മാർത്തോമ്മാ യുവജനസഖ്യം
# യുവജന വാരം - 2018
## പ്രസംഗക്കുറിപ്പ്

## അർത്ഥവും സ്വത്വവും തേടുന്ന യുവത്വം
***(Youth in Search of Meaning and Identity)***

**യോഹ. 1: 43 - 51**

എല്ലാ സംസ്കാരങ്ങളിലും ഏറ്റവും ചർച്ചചെയ്യപ്പെടുന്ന മനുഷ്യായുസ്സിലെ ഒരു കാലഘട്ട മാണ് യൗവ്വനകാലം. മനസ്സ് ആഗ്രഹിക്കുന്നിടത്തെല്ലാം ശരീരത്തെ എത്തിക്കുവാൻ പറ്റുന്ന സ്വാത ന്ത്ര്യമുള്ള കാലം. തന്മൂലം ലഭിക്കുന്ന ആഹ്ളാദവും അപചയവും ഈ കാലഘട്ടത്തിന്റെ പ്രത്യേകത യാണ്. എന്തിനേയും ബുദ്ധിയുടെ തലത്തിൽ നിന്നുകൊണ്ട് ചോദ്യം ചെയ്യുന്ന കാലം. ഉത്തരം കിട്ടാത്ത ഇടങ്ങളിൽ കലഹിക്കുന്ന കാലം. അതോടൊപ്പം ക്രിയാത്മകമായി തീരുമാനങ്ങൾ എടു ക്കുന്ന കാലം. ചുരുക്കം പറഞ്ഞാൽ ഒരു നാൽക്കവലയിൽ നിന്നും താൻ സഞ്ചരിക്കേണ്ട യഥാർത്ഥ പാത തെരഞ്ഞെടുക്കുന്ന കാലം.

ഇപ്രകാരമുള്ള ഒരു കാലഘട്ടത്തിലാണ് ദീർഘവർഷങ്ങൾക്കു ശേഷം ലോകം ക്രിസ്തു വിനെ കാണുന്നത്. അത് അവന്റെ യൗവ്വനകാലമായിരുന്നു. അവിടെ അവന്റെ ശബ്ദത്തിന് നൂറ്റാ ണ്ടുകളായി കേട്ട ശബ്ദത്തേക്കാൾ തീവ്രതയുണ്ടായിരുന്നു. വ്യക്തതയുണ്ടായിരുന്നു. പല ചോദ്യ ങ്ങളുടേയും ഉത്തരമുണ്ടായിരുന്നു. ആ വെട്ടത്തിലേക്ക് അന്ധകാരത്തിൽ നിന്ന് അനേകർ ശലഭങ്ങ ളെപ്പോലെ പറന്നടുത്തു. ആ വെളിച്ചത്തിൽ അവർ ദൈവത്തെ കണ്ടു. കേട്ടു. അറിഞ്ഞു.

യോഹന്നാന്റെ അടുക്കൽ വന്ന് സ്നാനം ഏറ്റശേഷം ഗലീലയ്ക്ക് മടങ്ങുന്ന ക്രിസ്തുവിനെ ഈ വേദഭാഗത്ത് കാണാം. അവിടെ അവൻ കൂടെ കൂട്ടേണ്ടവരെ കാണുന്നു.

**1) യേശു ഫിലിപ്പോസിനെ കാണുന്നു.** (വാക്യം 43)

യേശു ഫിലിപ്പോസിനെ കാണുന്നു. തുടർന്ന് ഫിലിപ്പോസ് നഥനയേലിനെ കാണുന്നു (വാക്യം 45). തുടർന്ന് നഥനയേൽ യേശുവിനെ കാണുന്നു (വാക്യം 47). കാഴ്ചയുടെ ഒരു വൃത്തം പൂർത്തി യാവുകയാണ്. എന്നാൽ അതിനുള്ളിൽ തന്നെ അവിടെ ചില ചോദ്യങ്ങൾ ഉയരുന്നു. മറുപടിയും ഉണ്ടാവുന്നു. ഫിലിപ്പോസ് കണ്ട യേശുവിനെ ഫിലിപ്പോസ് തന്റെ അറിവിൽ നിന്നുകൊണ്ട് അപഗ്ര ഥിക്കുന്നുണ്ട് (വാക്യം 45). ഇന്ന് ഞാൻ കണ്ട യേശുവിനെ മനസ്സിലാക്കുവാൻ എന്റെ പക്കൽ എന്തുണ്ട് ? ഏതിനേയും നന്നായി മനസ്സിലാക്കുവാൻ അവയെക്കുറിച്ചുള്ള ചില മുന്നറിവുകൾ നമ്മെ സഹായിക്കും. യോഹ. 4-ൽ പറയുന്ന ശമര്യാക്കാരി സ്ത്രീയുടെ കഥയിൽ നമുക്കിത് എളുപ്പം മനസ്സിലാക്കുവാൻ കഴിയും. അവൾക്ക് ക്രിസ്തു ഒരു യഹൂദൻ ആയിരുന്നു. അതായത് ശമര്യാക്കാ രുടെ ശത്രു ആയിരുന്നു അവൻ. പിന്നീട് അവൻ അവൾക്ക് യജമാനനായും പ്രവാചകനായും അവ സാനം ക്രിസ്തു അവൾക്ക് മ്ശിഹായായും മാറുന്നുണ്ട്.

യേശുവിനെക്കുറിച്ചുള്ള മനസ്സിലാക്കലിന്, നഥനയേലിന്റെ വിമർശനാത്മകമായ ചോദ്യവും സഹായിക്കുന്നു (വാക്യം 46). നസ്രേത്തിൽ നിന്ന് വല്ല നന്മയും വരുമോ ? ഒരു പക്ഷേ ആ കാലഘ ട്ടത്തിൽ നിലനിന്നിരുന്ന സാംസ്കാരിക ചുറ്റുപാടിൽ നിന്നാവും ഈ ചോദ്യമുയരുന്നത്. ഒരു ദേശത്തെ പട്ടണങ്ങൾ തമ്മിൽ, ഗ്രാമങ്ങൾ തമ്മിൽ പലപ്പോഴും അസൂയയിൽ നിന്നുത്ഭവിക്കുന്ന വഴക്കുകളും പ്രശ്നങ്ങളും നിലനിന്നിരുന്നു. അതുകൊണ്ടാവണം ഗലീലയിലെ നസ്രേത്തിനെക്കുറിച്ച് ഗലീലയിലെ കാനായിൽ നിന്നുള്ള നഥനയേലിന് അത്ര നല്ല മതിപ്പില്ലാതെ പോയത്. എന്നാൽ ഈ മുൻവിധിക ളൊന്നും ക്രിസ്തുവിനെക്കുറിച്ചുള്ള തന്റെ കേൾവിക്ക് തടസ്സമാകുന്നില്ല. ഇന്നിന്റെ ലോകത്തിന് അവശ്യം ഉണ്ടായിരിക്കേണ്ട സ്വഭാവ വൈശിഷ്ട്യം ആണിത്. മുൻവിധികൾക്കു മുമ്പിൽ നന്മയുടെ വെട്ടം കാണാതെ പോകുന്നവർ. മുൻവിധികളുടെ തടവുകാരായി നാം മാറുമ്പോൾ ലോകത്തെ മാറ്റേ ണ്ടവന്റെ ശിഷ്യരാകുവാനുള്ള അവസരം നഷ്ടപ്പെടുത്തുന്നവരായി നാം മാറുന്നു. ദൈവമേ ഞാൻ

മറുപുറം

ആരാണ് ? എന്തിനാണ് നീ എന്നെ ഈ ഭൂമിയിലേക്ക് അയച്ചത് ? എന്നീ ചോദ്യങ്ങളുമായി നാം നമ്മുടെ സ്വത്വം തേടുമ്പോൾ നമുക്കുണ്ടാവേണ്ട ഒരു ഗുണം "നമ്മെ കണ്ടവനെ" കേൾക്കുവാൻ തയ്യാറാകണം.

**2. ക്രിസ്തുവെ കേട്ടവർ** (വാക്യം 47)

"ഇതാ സാക്ഷാൽ യിസ്രായേല്യൻ. ഇവനിൽ കപടം ഇല്ല". ആദ്യമായി ക്രിസ്തുവെ കണ്ടവൻ തന്റെ ധാരണയ്ക്കപ്പുറമുള്ള ശബ്ദം കേൾക്കുന്നു. നസ്രേത്തിനെക്കുറിച്ച് ഒരു നന്മയും പറയാനില്ലാത്തവനെക്കുറിച്ച് അവൻ അവനെക്കുറിച്ച് ഇന്നുവരെ ആരും പറഞ്ഞിട്ടില്ലാത്ത നന്മ നസ്രായനിൽ നിന്നും കേൾക്കുന്നു. അക്ഷരം കൂട്ടിവായിക്കുവാൻ അറിയാത്ത കുട്ടികൾ മുതൽ, എഴുന്നേറ്റ് നേരേ നിൽക്കുവാൻ കഴിയാത്ത വല്യപ്പച്ചന്മാർ വരെ വാട്സ് അപ് ഗ്രൂപ്പ് അംഗങ്ങളാണ്. നാം ഒരിക്കൽ പോലും കണ്ടിട്ടില്ലാത്തവർ, നമുക്ക് വ്യക്തമായി അറിയാത്തവർ, നമ്മളുമായി യാതൊരു ബന്ധവും ഇല്ലാത്തവർ. കാണാമറയത്തിരുന്ന് നമുക്ക് ഒരു ബന്ധവുമില്ലാത്ത കാര്യങ്ങളെക്കുറിച്ച് എത്ര ആവേശത്തോടെയാണ് ചാറ്റ് ചെയ്യുന്നത്. സത്യത്തിൽ നിന്ന് എത്രയോ കാതം ദൂരെ നിൽക്കുന്ന വസ്തുതകളെ ആവർത്തിച്ച് ആവർത്തിച്ച് ഉറപ്പിക്കുമ്പോൾ തിരിച്ചറിയുക അപരനിലെ നന്മയെ കണ്ടെത്തി അവനുവേണ്ടി പ്രാണൻ കളഞ്ഞ നസ്രായൻ നമ്മിൽ നിന്നും വളരെ അകലെയാണ്.

നഥനയേലിന്റെ ചോദ്യങ്ങൾ തീരുന്നില്ല; നീ എവിടെവച്ച് എന്നെ അറിയും ? മുന്നിലിരിക്കുന്ന പുസ്തകത്തിലെ സ്വന്തം പേരുപോലും വായിക്കുവാൻ കണ്ണട വേണ്ടവൻ പ്രപഞ്ച സ്രഷ്ടാവിനോട് ചോദിച്ച ചോദ്യമാണിത്. പലപ്പോഴും നമ്മുടെ പല ചോദ്യങ്ങളുടേയും ആഴം ഇത്രയുമേ ഉള്ളൂ. ആളറിയാതെയുള്ള ചോദ്യങ്ങൾ. എന്നിട്ടും ക്രിസ്തു മറുപടി നൽകുന്നുണ്ട്. അമ്മയുടെ ഒക്കത്തിരുന്ന് മുടിപിടിച്ചു വലിക്കുന്ന കുട്ടി കണക്കെ നമ്മുടെ ശാഠ്യങ്ങൾക്കും നിഷേധങ്ങൾക്കും വാത്സല്യപൂർവ്വമുള്ള അവന്റെ മറുപടി. സക്കായിയെപ്പോലെ, നഥനയേലിനെ കണ്ടവൻ. രണ്ടിടത്തും രൂപാന്തരം സംഭവിക്കുന്നു. തങ്ങളെ കണ്ടവനെ കേൾക്കുവാൻ തയ്യാറായപ്പോൾ അവർ അവനിൽ ദൈവത്തെ കണ്ടെത്തുന്നു. ഇന്ന് ഞാനും നിങ്ങളും കാഴ്ചകളുടെ ലോകത്ത് ക്രിസ്തുവെ കേൾക്കുവാൻ തയ്യാറാകുന്നുണ്ടോ ? കേൾവിക്ക് നിശബ്ദത ആവശ്യമാണ്. ക്രിസ്തുവിന് പറയുവാനുള്ള പരിസരങ്ങൾ സൃഷ്ടിക്കപ്പെടണം. തിരക്കുകളൊക്കെ മാറ്റിവച്ച് ശാന്തമായി വചനത്തിനു മുമ്പിലൊന്നിരിക്കാം. അവന് നിന്നോട് എന്തോ പറയുവാനുണ്ട്...!

**3. ക്രിസ്തുവെ അറിഞ്ഞവർ** (വാക്യം 49,50)

റബ്ബീ, നീ ദൈവപുത്രൻ, നീ യിസ്രായേലിന്റെ രാജാവ്. മൂന്ന് വിശേഷണങ്ങൾ അവൻ ഒറ്റ ശ്വാസത്തിൽ പറയുകയാണ്. നീ റബ്ബി - ഗുരുവാണ്. നീ വെളിച്ചം പകരുന്നവൻ. നിന്നെക്കുറിച്ചുള്ള എന്റെ അന്ധകാരം നിറഞ്ഞ അറിവുകളിലേക്ക് വെളിച്ചം പകർന്ന് എന്നലും നന്മയുണ്ടെന്ന് എനിക്ക് കാട്ടിത്തരുന്നതിലൂടെ അപരനിലെ നന്മ കാണുവാൻ എന്നെ പഠിപ്പിച്ച നീ എന്റെ ഗുരുവാണ്. ന്യായപ്രമാണത്തിൽ മോശെയും പ്രവാചകന്മാരും എഴുതിയത് ഞാൻ വായിച്ചറിഞ്ഞത് ഞാൻ ആദ്യമായി ഇന്ന് അനുഭവിച്ചറിഞ്ഞു. നസ്രേത്തിൽ വച്ച് വല്ല നന്മയും വരുമോ എന്ന് ഞാൻ അധിക്ഷേപിച്ചിട്ടും (ഞാൻ അത്തിയുടെ കീഴിലിരുന്നത് അറിഞ്ഞവൻ ഞാനിപ്പോൾ പറഞ്ഞതും അറിഞ്ഞിട്ടുണ്ടാവും) എന്നെ കൂടെ കൂട്ടാൻ തയ്യാറായവൻ ദൈവപുത്രനല്ലാതെ വേറെ ആര് ആകാനാണ്. നീ യിസ്രായേലിന്റെ രാജാവ്. ഇനിയും ഈ രാജ്യത്തിനാവശ്യം നിന്റെ രാജത്വമാണ്. പ്രജകളുടെ കുറവുകളോടെ അവരെ സ്നേഹിക്കുന്ന രാജാവ്.

ഇവിടെ കർത്താവ് ഒരു വലിയ വാഗ്ദത്തവും നൽകുന്നുണ്ട്. " നീ ഇതിനേക്കാൾ വലിയതു കാണും". ഒരു മനുഷ്യന്റെ ബുദ്ധിയുടെ പരിധിയിൽ നിന്ന് പരമാവധി വലുപ്പത്തിൽ അവൻ ക്രിസ്തുവെ സാക്ഷിക്കുമ്പോഴും അവൻ പറയുന്നു ഞാൻ അതിനും അപ്പുറമാണ്.

ഇന്ന് എന്തിനും ഏതിനും ബുദ്ധിയെ മാത്രം ആശ്രയിക്കുന്ന ഒരു ലോകക്രമത്തിൽ ആകെ പെയ്ത മഴ നിർത്താതെ പെയ്തിരുന്നെങ്കിൽ, പരമാവധി നാലുദിവസത്തെ മഴ. ദൈവത്തിന്റെ സ്വന്തം നാട് എന്ന സ്വകാര്യ അഹങ്കാരമായിരുന്ന നമ്മുടെ നാടിനെ ചില സ്കൂളുകളുടേയും ഹാളുകളുടേയും വരാന്തയിലേക്ക് ഒതുക്കിയെങ്കിൽ നമുക്ക് മടങ്ങിവരേണ്ടത് പഴയതിനേക്കാൾ വലിയ വീട് പണിതുകൊണ്ടല്ല, പഴയതിനേക്കാൾ വലിയ പാലം പണിതുകൊണ്ടല്ല മറിച്ച് മറ്റുള്ളവർക്ക് ചവുട്ടി കയറുവാൻ തന്റെ മുതുക് കാട്ടിക്കൊടുത്ത ജൈസലിനെപ്പോലെ, അപരനിലെ നന്മയെ കാണുന്ന നല്ല മനുഷ്യരായി നമുക്ക് മടങ്ങിവരാം. യുവത്വത്തിന്റെ അർത്ഥം തേടുമ്പോൾ ഈ പ്രളയവും ഒരു പാഠമാകട്ടെ....

*(തയ്യാറാക്കിയത്: റവ. ഷിബു ഏബ്രഹാം ജോൺ, പെരിനാട്)*